LIBRARY ARCHIVES Kerala Legislative Assembly

മീനച്ചിൽ താലൂക്കിലെ കാണക്കാരി വില്ലേജ് വൈക്കം താലൂക്കിലെ കോതനല്ലൂർ, മാഞ്ഞൂർ, മുട്ടുചിറ, കടുത്തുരുത്തി എന്നീ വില്ലേജുകളിൽ ഉൾപ്പെട്ട വരുന്ന 1.9652 ഹെക്ടർ സ്ഥലം LARR Act 2013 പ്രകാരം ഏറ്റെടുക്കുന്നതിലേയ്ക്ക് കോട്ടയം പൊതുമരാമത്ത് നിരത്ത് വിഭാഗം എക്സിക്യൂട്ടീവ് എൻജിനീയർ അർത്ഥന സമർപ്പിച്ചിട്ടുള്ളതും ആയതിന്റെ അടിസ്ഥാനത്തിൽ സ്ഥലപരിശോധന നടത്തിയിട്ടുള്ളതുമാണ്. ഏറ്റെടുക്കേണ്ട ഭൂരിഭാഗം സ്ഥലങ്ങളിലും അലൈൻമെന്റ് സ്റ്റോണുകൾ സ്ഥാപിച്ചിട്ടുള്ളതായും സ്റ്റോണുകൾ സ്ഥാപിക്കുവാൻ സാധിക്കാത്ത സ്ഥലങ്ങൾ മാർക്ക് ചെയ്തിട്ടുള്ളതായും 17-6-21-ൽ അർത്ഥനാധികാരി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. സ്ഥലമെടുപ്പ് സംബന്ധിച്ച അനുമതി ഉത്തരവ് ലഭ്യമാക്കുന്നതിനുള്ള പ്രൊപ്പോസൽ അർത്ഥനാധികാരി പൊതുമരാമത്ത് വകുപ്പ് മുഖേന ലഭ്യമാക്കുന്ന മുറക്ക് അനുമതി ഉത്തരവ് പുറപ്പെടുവിച്ച് സ്ഥലമേറ്റെടുക്കലുമായി മുന്നോട്ട് പോകുന്നതാണ്.

(ബി) പ്രസ്തുത സ്ഥലമെടുപ്പിനായി എത്ര ഗുണഭോക്താക്കൾക്ക് നഷ്ട പരിഹാരം കൊടുക്കാനുണ്ട് എന്ന് വ്യക്തമാക്കാമോ?

പ്രസ്തുത പദ്ധതിയുടെ സ്ഥലമെടുപ്പ് പ്രാരംഭ ഘട്ടത്തിലാകയാൽ ഗുണഭോക്താക്കളുടെ എണ്ണം തിട്ടപ്പെടുത്തിയിട്ടില്ല.

(സി) പ്രസ്തുത പ്രവർത്തനങ്ങൾ നിലവിൽ ആരുടെ മേൽ നോട്ടത്തിലാണ് നടക്കുന്നതെന്നും സ്ഥലം ഏറ്റെടുക്കുന്ന പദ്ധതിയിൽ നഷ്ടപരിഹാരത്തുക വകയിരുത്തിയിട്ടുണ്ടോയെന്നും അറിയിക്കാമോ?

ഏറ്റുമാനൂർ-എറണാകുളം റോഡിലെ അപകടകരമായ വളവുകൾ നിവർത്തുന്നതിനായുള്ള സ്ഥലമെടുപ്പ് നടപടികൾ പൊന്നുംവില ഓഫീസറായ സ്പെഷ്യൽ തഹസിൽദാർ എൽ.എ. (ജനറൽ), പാലായുടെ കാര്യാലയം മുഖേനയാണ് നടന്നു വരുന്നത്. പ്രസ്തുത പദ്ധതിക്കുവേണ്ടി കണ്ടിൻജൻസി ചാർജ്ജിനത്തിൽ 50 ലക്ഷം രൂപ അർത്ഥനാധികാരി ലഭ്യമാക്കിയിട്ടുള്ളതായി പൊന്നും വില ഓഫീസർ അറിയിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതിയുടെ നഷ്ടപരിഹാര തുക തിട്ടപ്പെടുത്തിയിട്ടില്ല.

ചൂർണ്ണിക്കരയിൽ പൊതുകളിസ്ഥലത്തിനായി ഭൂമി പതിച്ച് നൽകുന്നതിന് അനുമതി

324(4334) ശ്രീ. അൻവർ സാദത്ത്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലുവ നിയോജകമണ്ഡലത്തിൽ, ചൂർണ്ണിക്കര പഞ്ചായത്തിലെ അശോക ടെക്സ്റ്റൈൽസിൽ നിന്നും ഏറ്റെടുത്തതും നിലവിൽ കളിസ്ഥലമായി ഉപയോഗിച്ചു വരുന്നതുമായ ഭൂമി, പഞ്ചായത്തിന് പൊതുകളിസ്ഥലമായി ഉപയോഗിക്കുന്നതിനായി പതിച്ച് നൽകുന്നതിനോ, താൽക്കാലിക ഉപയോഗത്തിന് അനുമതി നൽകുന്നതിനുമായോ ബന്ധപ്പെട്ട എൻ2/109/2017/ റവന്യൂ നമ്പർ ഫയലിൽ നാളിതുവരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) പ്രസ്തുത വിഷയത്തിൽ എന്നത്തേയ്ക്ക് അന്തിമ ഉത്തരവ് ലഭ്യമാകുമെന്നും അന്തിമ ഉത്തരവ് പുറപ്പെടുവിക്കുന്നതിന് സാങ്കേതിക തടസ്സങ്ങളെന്തെങ്കിലും നിലവിലുണ്ടോയെന്നും വ്യക്തമാക്കാമോ?

(എ&ബി) ആലുവ നിയോജകമണ്ഡലത്തിൽ, ചൂർണ്ണിക്കര പഞ്ചായത്തിലെ അശോക ടെക്സ്റ്റൈൽസിൽ നിന്നും ഏറ്റെടുത്തതും നിലവിൽ കളിസ്ഥലമായി ഉപയോഗിച്ചു വരുന്നതുമായ ഭൂമി, പഞ്ചായത്തിന് പൊതുകളിസ്ഥലമായി ഉപയോഗിക്കുന്നതിനായി പതിച്ചു നൽകുന്ന വിഷയം എൻ2/109/2017/റവന്യൂ ഫയലിൽ പരിശോധിച്ചുവരുന്നു. ആയത് സംബന്ധിച്ച് അന്തിമ തീരുമാനം എടുത്തിട്ടില്ല.

മങ്കട മണ്ഡലത്തിലെ മിച്ചഭൂമി

325(4335) ശ്രീ. മഞ്ഞളാംകുഴി അലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മങ്കട നിയോജകമണ്ഡലത്തിൽ മിച്ചഭൂമി ലഭ്യമാണോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ?

ലഭ്യമാണ്. മങ്കട നിയോജകമണ്ഡലത്തിൽ കോട്ടൂർ വില്ലേജിൽ കിളിയമണ്ണിൽ മൊയ്തുഹാജിയിൽ നിന്ന് മിച്ചഭൂമിയായി പ്രഖ്യാപിച്ച 23.036 ഏക്കർ ഭൂമി ഏറ്റെടുക്കാൻ ഉത്തരവായിട്ടുണ്ട്. ആയത് ഏറ്റെടുക്കുന്നതിനുള്ള നടപടി പുരോഗമിച്ചു വരികയാണ്. ടി ഭൂമി മുഴുവനും അന്യകൈവശത്തിലാണ്.

(ബി) പ്രസ്തുത മണ്ഡലത്തിൽ ഉപയോഗത്തിലല്ലാത്ത സർക്കാർ ഭൂമി ഉണ്ടോയെന്ന് അറിയിക്കുമോ; വിശദാംശം ലഭ്യമാക്കുമോ?

മങ്കട നിയോജകമണ്ഡലത്തിൽ ഉപയോഗത്തിലില്ലാത്ത സർക്കാർ ഭൂമി ഇല്ല.

പാട്ട വ്യവസ്ഥ ലംഘിച്ച് കൈവശം വച്ചിരിക്കുന്ന സർക്കാർഭൂമി

326(4336) ശ്രീ. എൻ. ഷംസുദ്ദീൻ:
ശ്രീ. നജീബ് കാന്തപുരം:
ശ്രീ. എ. കെ. എം. അഷ്റഫ്:
ശ്രീ. കുറുക്കോളി മൊയ്തീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാട്ട വ്യവസ്ഥ ലംഘിച്ച് സർക്കാർ ഭൂമി കൈവശം വച്ചിരിക്കുന്ന വിവിധ സ്ഥാപനങ്ങളിൽ നിന്നും വ്യക്തികളിൽ നിന്നും പിരിഞ്ഞു കിട്ടാനുള്ള പാട്ടക്കുടിശ്ശിക പിരിച്ചെടുക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കുമോ?